## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

15.12.2015 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3093

### സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മികച്ച സേവനങ്ങളും, ആധുനിക സൗകര്യങ്ങളും എല്ലാത്തരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ നടത്തി വരുന്നത്. ആധുനിക സൗകര്യങ്ങളോടു കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും ഇത്തരം സൂപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യ സാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പ്രാദേശിക ഉപഭോക്തൃ താൽപ്പര്യ ഉൽപ്പന്നങ്ങളും സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ നിത്യോപയോഗ സാധനങ്ങളും, പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിവിധ ബ്രാൻഡുകളിലുള്ള മറ്റ് എല്ലാ ഉൽപ്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ വിതരണം ചെയ്യുക എന്നതാണ് സൂപ്പർ മാർക്കറ്റുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിനാൽ മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനും അതോടൊപ്പം തന്നെ ഷോപ്പിംഗ് ആസ്വദിക്കുന്നതിനും എല്ലാ ഉപഭോക്താക്കൾക്കും സാധിക്കുന്നു. |
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) കച്ചവട സാധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതു കൂടാതെ ശരാശരി പ്രതിമാസ വിറ്റുവരവ് 10 ലക്ഷം രൂപയിൽ കൂടുതലുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ 51 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ